**ഭരണഭാഷ-മാതൃഭാഷ**

**വളരെ അടിയന്തിരം**

ഫയൽ നമ്പർ : ഡി.സി.പി.റ്റി.എ/1185/2020/ഡി.എം.5 ജില്ലാ കളക്ടറുടെ കാര്യാലയം, പത്തനംതിട്ട

തീയതി : 02.05.2020.

ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി,
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, പത്തനംതിട്ട

ഡെപ്യൂട്ടി ഡയറക്ടർ (പഞ്ചായത്ത്)
പത്തനംതിട്ട

സെക്രട്ടറി
നഗരസഭ, പത്തനംതിട്ട/ പന്തളം/ അടൂർ/ തിരുവല്ല

സർ,

| | | |
|---|---|---|
| വിഷയം | : | ജില്ലാ ദുരന്തനിവാരണ അതോറിറ്റി, പത്തനംതിട്ട - കൊവിഡ് - 19 വൈറസ്സ് രോഗബാധ - അടിയന്തിരഘട്ട പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് - ക്വാറന്റൈനിൽ താമസിപ്പിന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നത് - സംബ :- |
| സൂചന | : | സ.ഉ (സാധാ) 230/2020/നോർക്ക, തീയതി 20.04.2020. |

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. പത്തനംതിട്ട ജില്ലയിൽ കൊവിഡ് 19 രോഗബാധ സ്ഥിരീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അടിയന്തിരഘട്ട പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിവരികയാണ്. അടിയന്തിരഘട്ട പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി അന്യരാജ്യങ്ങളിൽ നിന്നും വരുന്ന ആളുകളെയും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ആളുകളെയും ക്വാറന്റൈനിൽ താമസിപ്പിക്കുന്നതിലേക്കായി പത്തനംതിട്ട ജില്ലയിലെ 31 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലും 04 നഗരസഭാ പ്രദേശത്തും ഒന്നാംഘട്ടമെന്ന നിലയിൽ 110 കൊവിഡ് കെയർ സെന്ററുകൾ സജ്ജീകരിച്ചിട്ടുള്ളതാണ്.

അന്യരാജ്യങ്ങളിൽ നിന്നും വരുന്ന ആളുകളുടെയും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ആളുകളുടെയും എണ്ണം അനുസരിച്ച് കൊവിഡ് കെയർ സെന്ററുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാനും ആവശ്യമെങ്കിൽ കൂടുതൽ കൈവിഡ് കെയർ സെന്ററുകൾ തുടങ്ങുവാനുമുള്ള തയ്യാറെടുപ്പുകൾ ജില്ലാതലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലും നടത്തേണ്ടതായിട്ടുള്ളതാണ്.

ഇത് സംബന്ധിച്ച ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവിൻ പ്രകാരം നടപ്പിലാക്കേണ്ടതാണെന്ന് അറിയിക്കുന്നു.

(1) സർക്കാർ നിർദ്ദേശ പ്രകാരമുള്ള കൊവിഡ് കെയർ സെന്ററുകളുടെ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നേതൃത്വം നൽകേണ്ടതാണ്.

(2) കൊവിഡ് കെയർ സെന്ററുകളിൽ താമസിപ്പിക്കുന്ന ആളുകൾക്കും ജീവനക്കാർക്കുമുള്ള ഭക്ഷണം, കുടിവെള്ളം, സെന്ററിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ മാലിന്യ നിർമ്മാർജ്ജനം, വാഹന സൗകര്യങ്ങൾ എന്നിവ അതാത് ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറിമാർ ക്രമീകരിക്കേണ്ടതുമാണ്.

(3) ഓരോ കൊവിഡ് കെയർ സെന്ററുകളിലും ശുചീകരണ ജോലികൾ നിർവ്വഹിക്കുന്നതിലേക്കാവശ്യമായ ജീവനക്കാരെ നിയോഗിക്കേണ്ടതും, ആയത് 2020 മെയ് 05 ന് മുൻപായി അതാത് ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറിമാർ ഈ കാര്യാലയത്തിലേക് ലഭ്യമാക്കേണ്ടതുമാണ്.

(4) നിലവിലുള്ള കൊവിഡ് കെയർ സെന്ററുകളുടെ ഒന്നാംഘട്ട പട്ടികയിൽ ഉൾപ്പെടാത്ത 25 ഗ്രാമപഞ്ചഞ്ചായത്തുകളിൽ ക്വാറന്റൈൻ സംവിധാനം ഒരുക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പുതിയ കെട്ടിടങ്ങൾ കണ്ടെത്തി വിവരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(5) ഒരു പഞ്ചായത്തുകളിൽ ചുരുങ്ങിയത് 100 മുറികൾ കണ്ടെത്തേണ്ടതിൽ 50 മുറികൾ ബാത്ത് അറ്റാച്ച്ഡും 50 മുറികൾ നോൺ ബാത്ത് അറ്റാച്ച്ഡും ആയിരിക്കേണ്ടതുമാണ്.

(6) കണ്ടെത്തിയിട്ടുള്ള കൊവിഡ് കെയർ സെന്ററുകളുടെ താക്കോൽ അതാത് ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറിമാർ കൈവശം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ
(ഒപ്പ്)
പി.ബി നൂഹ് ഐ.എ.എസ്
ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി,
ജില്ലാ മജിസ്ട്രേറ്റ് & ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് :

(1) സബ് കളക്ടർ, തിരുവല്ല
(2) റവന്യൂ ഡിവിഷണൽ ആഫീസർ, അടൂർ
(3) ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), പത്തനംതിട്ട
(4) തഹസിൽദാർ, അടൂർ/ തിരുവല്ല/ കോഴഞ്ചേരി/ റാന്നി/ കോന്നി/ മല്ലപ്പള്ളി
(5) ജില്ലയിലെ എല്ലാ വില്ലേജ് ആഫീസർമാർക്കും
(6) സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട
(7) ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
(8) ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി, പത്തനംതിട്ട
(9) എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പത്തനംതിട്ട
(10) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട/ ഇലക്ട്രിക്കൽ വിഭാഗം), പത്തനംതിട്ട
(11) കരുതൽ ഫയൽ/ അധിക പകർപ്പ്/ ആഫീസ് പകർപ്പ്

അംഗീകാരത്തോടെ

ജൂനിയർ സൂപ്രണ്ട്